HON'BLE MR. E. K. MADHAVAN : ആശുപത്രികളിൽ ഇല്ലാത്തപക്ഷം ചിലപ്പോൾ ചിലതു വാങ്ങേണ്ടിവരുമെന്നറിയാം.

MR. G. RAMACHANDRAN : ചില പരാതികളെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു എന്നു പറഞ്ഞല്ലോ. അതിന്റെ ഫലം എന്തായി എന്നു പറയാമോ?

HON'BLE MR. E. K. MADHAVAN : അന്വേഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ അതിന്റെ ഫലം പറയുന്നതെങ്ങനെ? അന്വേഷണം നടത്തിക്കഴിഞ്ഞതിനുശേഷം പറയാം.

MR. N. P. VARGHISE: ആശുപത്രികളിലുള്ള മരുന്നുകളുടെ ഒരു ലിസ്റ്റ് ആശുപത്രിയുടെ ഭിത്തിയിൽ തൂക്കുന്നതിനു നിർദ്ദേശം കൊടുക്കുമോ?

HON'BLE MR. E. K. MADHAVAN : അങ്ങിനെ ഒരു ലിസ്റ്റ് തൂക്കിയാലും കൊടുക്കുന്ന മരുന്ന് എന്താണെന്ന് അനലൈസ് ചെയ്തുനോക്കാൻ സാധ്യമല്ലാതിരിക്കെ അതുകൊണ്ടു എന്തെങ്കിലും പ്രയോജനമുണ്ടാകുമെന്നതോന്നുന്നില്ല.

X-ray Machine in the District Hospital, Alleppey.

*84. MR. EAPEN ARAKKAL : Will the Hon'ble Minister for Medical be pleased to state :

(*a*) whether the Government have decided to put up an X-ray machine in the District Hospital at Alleppey ;

(*b*) if the answer to part (a) is in the affirmative what is the cause of the delay ; and

(*c*) will the Government be pleased to see to the installation of the X-ray machine in the Alleppey District Hospital immediately.

HON'BLE MR. E. K. MADHAVAN : (a) Yes.

(b) Difficulty of getting the necessary machine and other equipments,

(c) Yes, as soon as the apparatus and other equipments arrive.

MR. EAPEN ARAKKAL : ആലപ്പുഴ ചേംബർ ഓഫ് കാമേഴ്സിൽ നിന്നും ഒരു എക്സ്റേ സ്ഥാപിക്കാമെന്നു പറഞ്ഞതുകൊണ്ടാണോ ഗവണ്മെൻറിൽനിന്നും ഇതിനു താമസം വരുത്തുന്നതെന്നു പറയുമോ?

HON'BLE MR. E. K. MADHAVAN : എന്റെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉത്ഭവിക്കുന്നില്ല. മെഷീൻ കിട്ടിയാൽ ഉടനെ സ്ഥാപിക്കാമെന്നാണ് ഉത്തരം.

MR. MOHAMMED MUSTAFA: കൊല്ലം ആശുപത്രിയിൽ ഒരു എക്സ്റേ സ്ഥാപിക്കുന്നതിന് ഏർപ്പാട് ചെയ്യുമോ?

HON'BLE MR. E. K. MADHAVAN : ആ ചോദ്യം ഇതിൽനിന്നും ഉത്ഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly